# സ്രാമ്പിക്കൽ പാടത്ത് ഇലചുരുട്ടിപ്പുഴു

കൊരട്ടി● പ്രളയത്തിൽ മുങ്ങിയ പാടത്ത് കർഷകരെ ആശങ്കയിലാക്കി ഇലചുരുട്ടിപ്പുഴു. പെരുമ്പിയിലെ സ്രാമ്പിക്കൽ പാടത്തെ 2 ഏക്കറിലധികം വരുന്ന പാടത്തെ നെല്ലിലാണ് പുഴുവിന്റെ സാന്നിധ്യം കണ്ടെത്തിയത്. തണൽ റസിഡന്റ്സ് അസോസിയേഷനടക്കമുള്ള കൂട്ടായ്മകൾ ഇവിടെ കൃഷിയിറക്കിയിട്ടുണ്ട്.

പുതുനാമ്പുകളിലുള്ളപുഴുബാധ രണ്ടു ദിവസം മുൻപാണ് കർഷകരുടെ ശ്രദ്ധയിൽപെട്ടത്. പ്രതിരോധ മരുന്ന് തളിച്ചെങ്കിലും പുഴു പൂർണമായും നശിച്ചില്ല. ഇതിനിടെ കൂടുതൽ മേഖലയിലേക്ക് വ്യാപിക്കാനും തുടങ്ങി. ഒരു വർഷം മുൻപും ഇവിടെ പുഴു ശല്യം ഉണ്ടായിരുന്നു.



Malayalamanorama 26-11-18, P-5

കൊരട്ടി പെരുമ്പിയിലെ സ്രാമ്പിക്കൽ പാടത്ത് നെൽച്ചെടികളിൽ കണ്ടെത്തിയ ഇലചുരുട്ടിപ്പുഴു.